## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1003** 29/09/2011 ൽ മറുപടിയ്ക്ക്

### അങ്കമാലി സർവ്വേ ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യു വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി സർവ്വേ ഓഫീസിലെ പോക്കുവരവ്, സ്കെച്ച് പാസ്ക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ; | (ബി) അങ്കമാലി രജിസ്ട്രേഷൻ സബ് ഡിസ്ട്രിക്ട് സർവെ ഓഫീസിൽ (ടോറൻസ്) ഒരു ഹെഡ് സർവെയറും, 6 ഡ്രാഫ്റ്റ്സ്മാൻമാരും, ഒരു ചെയിൻമാനുമാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നത്. കഴിഞ്ഞ മൂന്നു മാസത്തെ കണക്കുകൾ പരിശോധിച്ചതിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 350 ടോറൻസ് ഫയലുകൾ ഈ വർഷം കൂടുതലായി ലഭിച്ചു കാണുന്നു. കൂടാതെ ടോറൻസ് സമ്പ്രദായം ഉൾപ്പെട്ടു വരുന്ന 6 വില്ലേജുകളുടെ (അങ്കമാലി, കറുകുറ്റി, മൂക്കന്നൂർ, തുറവൂർ, അയ്യമ്പുഴ, മഞ്ഞപ്ര എൽ.ആർ.എം. ഫയലുകളും ഈ ഓഫീസിൽ സാങ്കേതിക പരിശോധന നടത്തി അംഗീകാരത്തിന് തയ്യാറാക്കുന്നുണ്ട് കൂടുതൽ ജീവനക്കാരെ ടി ഓഫീസിലേയ്ക്ക് സ്ഥിരമായി നിയോഗിക്കുവാൻ, ഡ്രാഫ്റ്റ്സ്മാൻമാരുടെ കുറവു നിമിത്തം സാധിക്കുന്നില്ല. |
| (സി) സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | (സി) കൂടുതൽ ഫയലുകൾ കുടിശ്ശികയാണെന്നു കാണുന്ന വേളയിൽ തീർപ്പാക്കുന്നതിനായി അധികമായി 2 ഡ്രാഫ്റ്റ്സ്മാൻമാരെ ടോറൻസ് ഓഫീസിലേയ്ക്ക് താൽക്കാലികമായി നിയോഗിക്കാറുണ്ട്. നിലവിൽ രണ്ട് ഡ്രാഫ്റ്റ്സ്മാൻമാരെ കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ